LIBRARY ARCHIVES Kerala Legislative Assembly

**മനുഷ്യാവകാശ കമ്മീഷന് ലഭിച്ച പരാതികൾ**

129(5718) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങൾക്ക് എതിരെ മനുഷ്യാവകാശ കമ്മീഷന് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത് ; വർഷം, ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

(ബി) ഈ പരാതികളിന്മേൽ എത്ര കേസ്സുകളിൽ മനുഷ്യാവകാശ ലംഘനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട് ; വർഷം, ജില്ല എന്നിവ തിരിച്ചുള്ള എണ്ണം വിശദമാക്കുമോ ;

(സി) മനുഷ്യാവകാശ ലംഘനങ്ങൾ കണ്ടെത്തിയ കേസ്സുകളിൽ എല്ലാം കമ്മീഷൻ നടപടികൾ ശിപാർശ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ കമ്മീഷൻ നൽകിയ ശിപാർശകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) മനുഷ്യാവകാശ ലംഘനങ്ങളെ സംബന്ധിച്ചുള്ള എല്ലാ പരാതികളും കമ്മീഷനിൽ സ്വീകരിച്ച് നടപടി എടുക്കുന്നുണ്ട്. പോലീസ് നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങൾ എന്ന ശീർഷകത്തിൽ പ്രത്യേകം തരംതിരിക്കാറില്ല. 1995-ലെ മനുഷ്യാവകാശ സംരക്ഷണ ആക്ടിൻ കീഴിൽ ഉണ്ടാക്കിയ റഗുലേഷൻ 36 പ്രകാരമുള്ള ഫോറം നമ്പർ 6-ലാണ് പരാതികൾ രജിസ്റ്റർ ചെയ്യുന്നത്. ഈ റഗുലേഷൻ പ്രകാരം എതിർ കക്ഷികളുടെ പേരുകൾ പ്രത്യേകം രേഖപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടില്ല. ആയതിനാൽ പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങളെ സംബന്ധിച്ച് വർഷം, ജില്ല തിരിച്ചുള്ള കണക്കുകൾ പ്രത്യേകം സൂക്ഷിച്ചിട്ടില്ല.

(സി) മനുഷ്യാവകാശ കമ്മീഷൻ നടപടി ശുപാർശ ചെയ്തിട്ടുള്ള എല്ലാ കേസുകളിലും പോലീസ് വകുപ്പിൽനിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ മനുഷ്യാവകാശ കമ്മീഷൻ നൽകിയ ശുപാർശകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കാസർഗോഡ് ജില്ലയിലെ ധനകാര്യ സ്ഥാപനങ്ങളിലെ റെയ്ഡ്**

130(5719) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മണിലെൻഡേഴ്സ് ആക്ട് പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര ധനകാര്യ സ്ഥാപനങ്ങൾക്കാണ് ലൈസൻസ് ലഭിച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.